**തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ ആഫീസ്, ആലപ്പുഴ ജില്ല**
**എം. എം. ബിൽഡിംഗ്, കല്ലുപാലത്തിന് സമീപം,**
**ഇരുമ്പുപാലം പി.ഒ. ആലപ്പുഴ, 688 011**
**ഇമെയിൽ: jdlsgdalp@gmail.com, ഫോൺ: 0477 2251599**

നമ്പർ: **JD/ALP/17/2025-J1** തീയതി: **17-09-2025**

ജോയിന്റ് ഡയറക്ടർ

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണവകുപ്പ്

സർ,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം - എടത്വ ഗ്രാമപഞ്ചായത്തിലെ വാണിജ്യകെട്ടിടത്തിന്റെ ക്രമവത്കരണം-ചട്ട വിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച രജിസ്ട്രേഡ് എൻജിനീയർ ശ്രീമതി മറിയം മാത്യു, പടിഞ്ഞാറെ വീട്, ചങ്ങങ്കരി പി.ഒ, എടത്വ എന്നവരുടെ ലൈസൻസ് **(E-15148/21/EA-6524/KLM)** ആറുമാസത്തേക്ക് സസ്പെൻഡ് ചെയ്ത് ഉത്തരവായത് - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ **10-09-2025** ലെ ഇതേ നമ്പർ ഉത്തരവ് നടപടികൾ .

എടത്വ ഗ്രാമപഞ്ചായത്തിലെ വാണിജ്യകെട്ടിടത്തിന്റെ ക്രമവത്കരണവുമായി ബന്ധപ്പെട്ട് ചട്ട വിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച് നിയമലംഘനത്തിന് അനുകൂലമായ സാഹചര്യം സംജാതമാക്കിയ രജിസ്ട്രേഡ് എൻജിനീയർ ശ്രീമതി മറിയം മാത്യു, പടിഞ്ഞാറെ വീട്, ചങ്ങങ്കരി പി.ഒ, എടത്വ എന്നവരുടെ ലൈസൻസ് **(E-15148/21/EA-6524/KLM)** സൂചന പ്രകാരം ആറുമാസത്തേക്ക് സസ്പെൻഡ് ചെയ്തിട്ടുള്ളതാണ് . ടി ഉത്തരവ് നടപടികളുടെ പകർപ്പ് അങ്ങയുടെ അറിവിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

**BINZ C THOMAS**

**JOINT DIRECTOR**

ഉള്ളടക്കം:-സൂചന പകർപ്പ്

**ആലപ്പുഴ തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: ബിൻസ് സി.തോമസ് )**

സംഗ്രഹം :- തദ്ദേശസ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം -എടത്വ ഗ്രാമപഞ്ചായത്തിലെ വാണിജ്യകെട്ടിടത്തിന്റെ ക്രമവത്കരണം- ചട്ട വിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച രജിസ്ട്രേഡ് എൻജിനീയർ ശ്രീമതി മറിയം മാത്യു , പടിഞ്ഞാറെ വീട്, ചങ്ങങ്കരി പി.ഒ, എടത്വ എന്നവരുടെ ലൈസൻസ് (E-15148/21/EA-6524/KLM) ആറുമാസത്തേക്ക് സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.എടത്വ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-12-2024 ലെ 400417/BFMCO3/GENERAL/2024/4414(4) നമ്പർ കത്ത്.

2.ഈ കാര്യാലയത്തിലെ ഐ.വി.ഒ യുടെ 27-05-2025 ലെ JD/ALP/1306/2025-A16 നമ്പർ റിപ്പോർട്ട് .

3.31-05-2025 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ് .

4.ശ്രീമതി മറിയം മാത്യു സമർപ്പിച്ച 18-06-2025 തീയതി രേഖപ്പെടുത്തിയ മറുപടി.

**<u>ഉത്തരവ് നമ്പർ: JD/ALP/17/2025-J1 തീയ്യതി:10-09-2025</u>**

എടത്വ വില്ലേജിൽ റീ-സർവ്വേ നമ്പർ 582/2-3-2-2 ഭൂമിയിൽപ്പെട്ട 90ച.മീ വിസ്തീർണ്ണമുള്ള റവന്യൂ രേഖയിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന 35.5 ച.മീ.വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ ക്രമവത്കരണ അപേക്ഷയോയൊപ്പം സമർപ്പിച്ച പ്ലാനും അനുബന്ധരേഖകളും രജിസ്ട്രേഡ് എൻജിനീയർ ആയ ശ്രീമതി മറിയം മാത്യൂ (Regno.E-15148/21/EA-6524/KLM) എന്നവർ ചട്ടവിരുദ്ധമായാണ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുള്ളതെന്ന് പരാമർശം (1) പ്രകാരം എടത്വ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി പരാമർശം (2) റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിട്ടുള്ളതാണ്.

1. അപേക്ഷയോടൊപ്പം ലൈസൻസി ഒപ്പ് രേഖപ്പെടുത്തി സമർപ്പിച്ച പ്ലാനും

നിലവിലുള്ള നിർമ്മാണവും തമ്മിൽ വ്യത്യാസം കാണുന്നു. കെട്ടിടത്തിൻറെ വിസ്തീർണ്ണം ക്രമവൽക്കരണത്തിനുള്ള കംപ്ലീഷൻ പ്ലാനിൽ 35.5 ച.മീ യും സൈറ്റ് പരിശോധിച്ചതിൽ 59.35 ച.മി യും ആണ്.

2. കെ.പി.ബി.ആർ 2019 ലെ ചട്ടം 26 ടേബിൾ 4 പ്രകാരം നിർമ്മാണത്തിൻറെ മുൻവശവും റോഡിനോട് ചേർന്ന അതിർത്തിയും തമ്മിൽ 3 മീ അകലം ആവശ്യമാണ്. എന്നാൽ സൈറ്റ് സന്ദർശിച്ചതിൽ സമർപ്പിച്ചിട്ടുള്ള പ്ലാനിൽ നിന്നും വ്യത്യസ്ഥമായി ടി നിർമ്മാണം റോഡുമായി ചേർന്ന്, നിർമ്മിച്ചിട്ടുള്ളതായി കാണപ്പെടുന്നു.

തുടർന്ന് പരാമർശം (3) പ്രകാരം ശ്രീമതി മറിയം മാത്യൂ എന്നവർക്ക് നൽകിയ കാരണംകാണിക്കൽ നോട്ടീസിന് പരാമർശം (4) പ്രകാരം ടിയാൾ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ മാത്രമാണ് സൈറ്റിൽ പോകുവാൻ കഴിഞ്ഞുള്ളൂവെന്നും നിർമ്മാണം പൂർത്തീകരിച്ച സമയത്ത് ഒന്നര മാസം മാത്രം പ്രായമുള്ള കുഞ്ഞുള്ളതിനാലും സൈറ്റിൽ പോകുവാൻ ശാരീരിക ബുദ്ധിമുട്ട് ഉണ്ടായിരുന്നതിനാലുമാണ് തുടർന്നുള്ള പരിശോധന നടത്താൻ കഴിയാതിരുന്നതെന്ന് എന്നും കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള നിർമ്മിതി പൊളിച്ചു നീക്കി മാത്രമേ ടി ഫയൽ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിക്കാവുവെന്ന് ഉടമയോട് നിർദ്ദേശിരുന്നതാണെന്നും ആയത് പൊളിച്ച് നീക്കുമെന്ന് വിശ്വസിച്ചാണ് രേഖകൾ സാക്ഷ്യപ്പെടുത്തി നൽകിയതെന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്.

2019 കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം -18 ൽ (1999- കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 153) പ്ലാനുകളും ഡ്രോയിംഗുകളും തയാറാക്കി ഒപ്പുവയ്ക്കുന്ന ലൈസൻസി നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ചുവേണം പ്ലാനുകൾ തയാറാക്കേണ്ടതെന്നും പ്രസ്തുത പ്ലാനിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കൃത്യതയ്ക്കും അല്ലെങ്കിൽ സത്യാവസ്ഥയ്ക്കും ലൈസൻസി ഉത്തരവാദിയാണെന്നും ടിയാൻ സ്ഥല പരിശോധന ഉൾപ്പെടെ നടത്തി ബോധ്യപ്പെട്ടുവേണം പ്ലാനുകളും ഡ്രോയിംഗ്കളും തയാറാക്കേണ്ടതെന്നും നിഷ്കർഷിച്ചുണ്ട് .
**മേൽ വസ്തുതകളും റിപ്പോർട്ടും പരിശോധിച്ചതിൽ ലൈസൻസി എന്ന നിലയിൽ ശ്രീമതി മറിയം മാത്യു എന്നവരുടെ ഭാഗത്തുനിന്നും ഉണ്ടായ ജാഗ്രതക്കുറവ് മൂലം നിയമലംഘനത്തിന് അനുകൂലമായ സാഹചര്യം സംജാതമായതായും, ആയത് പഞ്ചായത്ത് ജീവനക്കാർക്ക് അടക്കം സമ്മർദത്തിനു കാരണമായതായും ബോധ്യപ്പെടുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി മറിയം മാത്യൂ എന്നവരുടെ എൻജിനീയർ -A ലൈസെൻസ് (E-15148/21/EA-6524/KLM) ഈ ഉത്തരവ് തീയതി മുതൽ ആറുമാസത്തേക്ക് സസ്പെൻഡ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**
സസ്പെൻഡ് ചെയ്ത വിവരം രേഖപ്പെടുത്തുന്നതിനായി ലൈസൻസി ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ആസ്സൽ ലൈസൻസ് രേഖകൾ തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിൻറ് ഡയറക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണ്.

**BINZ C THOMAS**
**JOINT DIRECTOR**

പകർപ്പ്: 1.ശ്രീമതി മറിയം മാത്യു
പടിഞ്ഞാറെ വീട്
ചങ്ങങ്കരി പി.ഒ
എടത്വ -689573

2.ബഹു .പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം
,വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

3.ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

4.എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും

5.കരുതൽ ഫയൽ